28 (*264) പുസ്തക പ്രസാധന-വിതരണത്തിന് ധനസഹായം

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ സാഹിത്യകാരൻമാർക്ക് പുസ്തക പ്രസാധന-വിതരണത്തിന് ധനസഹായം നൽകുന്ന പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിക്ക് പ്രായപരിധി ഏർപ്പെടുത്താതെ സാഹിത്യരംഗത്തെ മേന്മയ്ക്ക് മുൻതൂക്കം നൽകി നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുസ്തക പ്രസാധനത്തിന് സാംസ്കാരിക വകുപ്പ് നാളിതുവരെ എത്രരൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ)&(ബി) ഉത്തമ പഠന ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് ഗ്രന്ഥകാരന്മാർക്ക് ധനസഹായം നൽകുന്ന പദ്ധതിപ്രകാരം സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് പരമാവധി പതിനായിരം രൂപവരെ നൽകുന്നു. ഇത് തൊഴിൽരഹിതരെന്നോ തൊഴിൽ ഉള്ളവരെന്നോ നോക്കാതെയാണ് നൽകുന്നത്.

(സി) ധനസഹായം നൽകുന്നതിന് പ്രായപരിധി നിശ്ചയിച്ചിട്ടില്ല. ഗ്രന്ഥത്തിന്റെ മേന്മ കണക്കിലെടുത്തിട്ടാണ് ധനസഹായമനുവദിക്കുന്നത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുസ്തക പ്രസാധനത്തിന് സാംസ്കാരിക വകുപ്പ് സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പുമുഖേനയും വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ മുഖേനയും നാളിതുവരെ 5,32,70,773/- രൂപ (അഞ്ചുറ്റി മുപ്പത്തി രണ്ടു ലക്ഷത്തി എഴുപതിനായിരത്തി എഴുന്നൂറ്റി എഴുപത്തി മൂന്ന് രൂപാ) ചെലവഴിച്ചിട്ടുണ്ട്.

29 (*265) പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി, പ്രീ ഡിഗ്രി ഡിഗ്രി തുടങ്ങിയ പരീക്ഷകളിലും പ്രവേശനപരീക്ഷാ നടത്തിപ്പിലും ഉണ്ടായിട്ടുള്ള അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly